പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2653 17.10.2016-ൽ മറുപടിയ്ക്ക്

## പി.എസ്.സി നിയമനങ്ങൾക്ക് സ്പോർട്സ് വെയിറ്റേജ്

**ചോദ്യം**

ഡോ.എൻ.ജയരാജ്

(എ) പി.എസ്.സി നിയമനങ്ങൾക്ക് സ്പോർട്സ് വെയിറ്റേജ് നൽകാറുണ്ടോ ; എങ്കിൽ എത്ര മാർക്കാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതൊക്കെ ഏജൻസികൾ നടത്തുന്ന ഏതെല്ലാം തരം മത്സര ഇനങ്ങളിൽ പങ്കെടുത്തവർക്കാണ് വെയ്റ്റേജ് നൽകുന്നതെന്ന് അറിയിക്കുമോ ;

(സി) സർക്കാർ സംഘടിപ്പിക്കുന്ന മത്സരങ്ങൾ മാത്രമാണോ ഇതിന് പരിഗണിക്കുന്നത്, എങ്കിൽ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ ;

**മറുപടി**

ശ്രീ.പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ), (ബി), & (സി) ഉണ്ട്. കേരള സംസ്ഥാന സർവ്വീസിലെ ക്ലാസ്സ് III, ക്ലാസ്സ് IV തസ്തികകളിലെ നിയമനങ്ങൾക്ക് കായികരംഗത്ത് പ്രാഗത്ഭ്യം തെളിയിച്ച ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി നടത്തുന്ന തെരഞ്ഞെടുപ്പുകളിൽ താഴെ പറയും പ്രകാരം അധികമാർക്ക് നൽകി വരുന്നുണ്ട്.

i. അന്തർദേശീയ മത്സരങ്ങളായ ഒളിമ്പിക്സ്, ഏഷ്യൻ ഗെയിംസ്, കോമൺവെൽത്ത് ഗെയിംസ് തുടങ്ങിയവയിലെ വ്യക്തിഗത ഇനങ്ങളിൽ രാജ്യത്തെ പ്രതിനിധീകരിക്കുന്നവർക്ക് 30% അധികമാർക്ക് നൽകിവരുന്നു.

ii. ദേശീയ മത്സരങ്ങളിൽ വ്യക്തിഗത ഇനങ്ങളിൽ സംസ്ഥാനത്തെ പ്രതിനിധീകരിക്കുന്നവർക്ക് 20% അധികമാർക്കും, ഇന്റർ സോൺ മത്സരങ്ങളിൽ സർവ്വകലാശാലകളെ പ്രതിനിധീകരിക്കുന്നവർക്ക് 15% അധികമാർക്കും, ദേശീയസ്കൂൾ ഗെയിംസിൽ സംസ്ഥാനത്തെ പ്രതിനിധീകരിക്കുന്നവർക്ക് 10% അധികമാർക്കും, സൗത്ത് സോണൽ മത്സരങ്ങളിൽ സംസ്ഥാനത്തെയോ, സർവ്വകലാശാലയേയോ പ്രതിനിധീകരിച്ചാൽ 7 1/2 % അധികമാർക്കും സംസ്ഥാനചാമ്പ്യൻഷിപ്പുകളിൽ ജില്ലയെ/കോളേജുകളെ പ്രതിനിധീകരിച്ച് വിജയിക്കുന്നവർക്ക് 5% അധികമാർക്കും നൽകി വരുന്നു. ടീം ഇനത്തിൽ അന്തർദേശീയ മത്സരത്തിൽ രാജ്യത്തെ പ്രതിനിധീകരിച്ചാൽ 20%, ദേശീയ മത്സരത്തിൽ സംസ്ഥാനത്തെ പ്രതിനിധീകരിച്ചാൽ 15%, അന്തർസർവ്വകലാശാല/ആൾ ഇന്ത്യാ സ്കൂൾ മത്സരങ്ങളിൽ സർവ്വകലാശാലയെ/സംസ്ഥാനത്തെ പ്രതിനിധീകരിച്ചാൽ 10%, സൗത്ത് സോൺ

മത്സരങ്ങളിൽ സംസ്ഥാനത്തെ പ്രതിനിധീകരിച്ചാൽ 7 1/2 %, ഇന്റർ കൊളീജിയറ്റ് ചാമ്പ്യൻഷിപ്പുകളിൽ കോളേജുകളെ/സംസ്ഥാന ചാമ്പ്യൻഷിപ്പിൽ ജില്ലയെ പ്രതിനിധീകരിച്ച് വിജയിച്ചാൽ 4%, അധികമാർക്കും നൽകിവരുന്നു.

കൂടാതെ, അന്തർദേശീയമത്സരങ്ങളിൽ വ്യക്തിഗതഇനങ്ങളിൽ 1 മുതൽ 3 വരെ സ്ഥാനങ്ങൾ കരസ്ഥമാക്കുന്ന ഉദ്യോഗാർത്ഥികൾക്ക് യഥാക്രമം 30%,25%, 15% നിരക്കിലും, മറ്റു മത്സരങ്ങളിൽ യഥാക്രമം 10%, 7 1/2 %, 5% എന്ന നിരക്കിലും അധികമാർക്ക് നൽകിവരുന്നു. ഇതിനുപുറമേ ടീമിനത്തിൽ അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുത്ത് വിജയികളാകുന്ന ടീമംഗങ്ങൾക്ക് 25%, റണ്ണർഅപ്പാകുന്ന ടീമംഗങ്ങൾക്ക് 15%-ഉം മറ്റുമത്സരങ്ങളിൽ യഥാക്രമം 10%, 5% എന്ന നിരക്കിലും അധികമാർക്ക് നൽകിവരുന്നു.

ഇന്റർ യൂണിവേഴ്സിറ്റി സ്പോർട്സ് ബോർഡ്, ഓൾ ഇൻഡ്യാ സ്കൂൾ ഗെയിംസ് ഫെഡറേഷൻ, സംസ്ഥാനത്തെ യൂണിവേഴ്സിറ്റികൾ, സായ്-യുടെ അംഗീകാരമുള്ള സംഘടനകൾ, സംസ്ഥാന സ്പോർട്സ് കൗൺസിൽ, സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള സംഘടനകൾ, ദേശീയ സ്പോർട്സ് അസോസിയേഷനുകളുടെ അംഗീകാരമുള്ള ഫെഡറേഷനുകൾ, അസോസിയേഷനുകൾ എന്നിവർ നടത്തുന്ന കായികമത്സരഇനങ്ങളെയാണ് ഗ്രേസ് മാർക്കിന് പരിഗണിക്കുന്നത്.

| | | | |
|---|---|---|---|
| (ഡി) | നാഷണൽ റൂറൽ സ്പോർട്സ് ആന്റ് ഗെയിംസിൽ പങ്കെടുക്കുന്നവർക്ക് വെയ്റ്റേജ് നൽകുന്നുണ്ടോ ; | (ഡി) | ഇല്ല. |
| (ഇ) | ഇല്ലെങ്കിൽ സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗീകാരത്തോടെ മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്ക് വെയ്റ്റേജ് നൽകുവാൻ നടപടി സ്വീകരിക്കുമോ ? | (ഇ) | ഇപ്പോൾ പരിഗണനയിലില്ല. |

Mary M

സെക്ഷൻ ഓഫീസർ